# സിവിൽ സ്റ്റേഷനിൽ 'ഉച്ചയ്ക്കൊരൂണ്' പദ്ധതി തുടങ്ങി

പാലക്കാട് ▸ വിശ്വാസിന്റെ നേതൃത്വത്തിൽ സിവിൽസ്റ്റേഷനിൽ ഉച്ചയ്ക്കൊരൂണ് പദ്ധതി തുടങ്ങി. സിവിൽസ്റ്റേഷനിലെ ഓഫീസുകളിലും കോടതിയിലും വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർ വിശ്വാസിന്റെ ഓഫീസിലോ ശൗചാലയ സമുച്ചയത്തിലെ കെട്ടിടത്തിലോനിന്ന് കിട്ടുന്ന സൗജന്യ കൂപ്പണുമായി പി.ഡബ്ല്യു.ഡി. കാന്റീനിലെത്തിയാൽ ഊണുകഴിക്കാം. പദ്ധതി കളക്ടർ ഡി. ബാലമുരളി ഉദ്ഘാടനംചെയ്തു. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്താദേവി അധ്യക്ഷയായി.

ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി എം. തുഷാർ, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് തുടങ്ങിയവർ പങ്കെടുത്തു. ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടെയാണ് പദ്ധതി നടത്തുന്നത്.